# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1053** **30.01.2019-ൽ മറുപടിയ്ക്ക്**

**വിദേശനിർമ്മിത വിദേശ മദ്യത്തിൽ നിന്നുള്ള നികുതി വരുമാനം**

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|---|
| (എ) | വിദേശനിർമ്മിത വിദേശ മദ്യത്തിന് കേരള വിപണിയിൽ പ്രിയം ഏറുന്നുവെന്നത് വസ്തുതയാണോ; | എ) വിദേശ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന വർദ്ധിച്ച് വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. |
| (ബി) | സംസ്ഥാനത്ത് ഇത്തരം മദ്യം വിതരണം ചെയ്യുന്നതിനായി എത്ര ബ്രാന്റുകൾക്കാണ് ബിവറേജസ് കോർപ്പറേഷൻ അനുമതിനൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; | ബി) ബിവറേജസ് കോർപ്പറേഷന്റെ കേരള ഗവൺമെന്റ് ഇ-ടെൻഡർ പോർട്ടൽ വഴി ക്ഷണിച്ചിരുന്ന ഓഫറുകളോടുള്ള പ്രതികരണമായി 17 വിതരണ കമ്പനിക്കാരുടെ 227 ബ്രാൻഡുകൾ/പായ്ക്കുകൾ-ക്കുള്ള ഓഫറുകൾ ലഭിക്കുകയും ആയത് കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | അതിൽ എത്ര ബ്രാന്റുകൾ നിലവിൽ സംസ്ഥാന വിപണിയിൽ വിൽക്കുന്നുണ്ടെന്ന് അറിയിക്കുമോ; | സി) മേൽപ്പറഞ്ഞ വിതരണക്കാരിൽ 5 വിതരണക്കാരുടെ 31 ബ്രാൻഡുകൾ നിലവിൽ വിൽപ്പന നടത്തിവരുന്നു. |
| (ഡി) | 2018 ൽ എത്ര കോടി രൂപയുടെ വിദേശ നിർമ്മിത വിദേശമദ്യമാണ് സംസ്ഥാനത്ത് വില്പന നടത്തിയതെന്ന് അറിയിക്കുമോ; | ഡി) കോർപ്പറേഷൻ വിദേശ നിർമ്മിത മദ്യത്തിന്റെ വിൽപ്പന 18.08.2018 മുതൽ ആരംഭിച്ചിട്ടുണ്ട്. 31.12.2018 വരെ മൊത്തം 12.41 കോടി രൂപയുടെ വിൽപ്പന നടത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തിന് ഈ ഇനത്തിൽ നികുതിയിനത്തിലും മറ്റുമായി എന്ത് വരുമാനം ലഭിച്ചുവെന്ന് അറിയിക്കുമോ? | ഇ) വിദേശ നിർമ്മിത വിദേശ മദ്യം വാങ്ങിയ ഇനത്തിലും വിറ്റ ഇനത്തിലുമായി കോർപ്പറേഷൻ 6.10 കോടി രൂപ നികുതിയായും തീരുവയായും സംസ്ഥാന ഖജനാവിൽ 2018 വർഷത്തിൽ അടച്ചിട്ടുണ്ട്. |

Santhosh

**സെക്ഷൻ ഓഫീസർ**